കുന്ദമംഗലം നിയോജകമണ്ഡലത്തിലെ രാഷ്ട്രീയ സംഘട്ടന കേസ്സുകൾ

31 (4637) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിലെ പോലീസ് സ്റ്റേഷനുകളിൽ കഴിഞ്ഞ ഒരു വർഷം രജിസ്റ്റർ ചെയ്ത രാഷ്ട്രീയ സംഘട്ടന കേസ്സുകൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഒരോ കേസ്സിലെയും പ്രതികൾ ഏത് രാഷ്ട്രീയ പാർട്ടിയിൽപ്പെട്ടവരാണെന്ന് വെളിപ്പെടുത്തുമോ ?

(സി) ഓരോ കേസ്സുകളുടേയും അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇപ്രകാരം ആകെ 17 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. (കുന്ദമംഗലം പി.എസ് - 16 കേസുകൾ, മെഡിക്കൽ കോളേജ് പി.എസ്. - 1 കേസ്)

കുന്ദമംഗലം പി.എസ്. ക്രൈം നമ്പരുകൾ 81/09, 83/09, 119/09, 121/09, 147/09, 193/09, 195/09, 196/09, 197/09, 198/09, 253/09, 254/09, 480/09, 481/09, 486/09, 487/09;

മെഡിക്കൽ കോളേജ് പി.എസ്. ക്രൈം നമ്പർ: 665/09.

(ബി) അനുബന്ധം I ആയി ചേർത്തിരിക്കുന്നു. *

(സി) അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

യൂത്ത് കോൺഗ്രസിന്റെ പട്ടം പി.എസ്.സി. ഓഫീസ് മാർച്ച്

32 (4638) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006-ൽ യൂത്ത് കോൺഗ്രസിന്റെ നേതൃത്വത്തിൽ പട്ടം പി. എസ്. സി. ഓഫീസിലേക്ക് മാർച്ച് നടത്തിയത് സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തുവോ ; അത് ചാർജ്ജ് ചെയ്തുവോ ;

(ബി) പ്രസ്തുത മാർച്ചിനോടനുബന്ധിച്ച് എന്തെങ്കിലും നാശനഷ്ടം ഉണ്ടായിട്ടുണ്ടോ ; അവർ എന്തു കുറ്റമാണ് ചെയ്തത് ;

(സി) എ. സി. ജെ. എം. കോടതിയിലെ CC NO. 453/2006-ലുള്ള ഈ കേസ് പിൻവലിക്കാൻ ഉദ്ദേശമുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ?

ഉത്തരം

(എ & ബി) കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly